# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي :

**തീയതി: 15/09/2017  വിഷയം: മാനവീകത.**

➢ ഒരു വ്യക്തിയുടെ ഇസ്‌ലാമിക ജീവിതത്തിന് രണ്ട് ഘട്ടങ്ങളുണ്ട്. അഥവാ ദീനിന്റെ പ്രാഥമീകം, സമ്പൂർണ്ണം എന്ന രണ്ട വസ്ഥയുണ്ട്. ഈ വ്യത്യാസം എന്തുകൊണ്ടുണ്ടാകുന്നു?.

➢ ദീനിന്റെ അടിസ്ഥാനം വിശ്വാസമാണ്. കെലിമ ചൊല്ലിയ എല്ലാവരും മുസ്‌ലിംകളാണ്. അതിന്റെ തുടർച്ചയാണ് കർമ്മങ്ങൾ. അപ്പോൾ തുടക്കം വിശ്വാസമാണ്.

➢ എന്നാൽ ദീനിന്റെ പൂർണ്ണത സഹജീവികളോടുള്ള നല്ല പെരുമാറ്റത്തിലാണ്.(ഇഹ്സാൻ). അഥവാ മനുഷ്യരോടുള്ള ബാധ്യതകൾ യഥോചിതം നിർവ്വഹിക്കുന്നതിലാണ്.

فَهُوَ مِنْ اَفْضَلِ مَنَازِلِ الْعُبُودِيَةِ، لِأَنَّهُ لُبُّ الْإِيمَانِ وَرُوحُهُ وَكَمَالُهُ، وَجَمِيعُ الْمَنَازِلِ مُنْطَوِيَةٌ فِيهَا (مدارج الساكين)

(=അടിമയുടെ അവസ്ഥകളിൽ സമുന്നതമായത് ഇഹ്സാനിന്റെ അവസ്ഥയാണ്. കാരണമത് ഈമാനിന്റെ കാമ്പും ജീവനും പൂർണ്ണതയുമാണ്. അപ്പോൾ ഇഹ്സാനിൽ പൂർണ്ണതയുടെ എല്ലാ വശങ്ങളും ഉൾകൊണ്ടിരിക്കുന്നു.)

അപ്പോൾ ദീൻ പൂർണ്ണമാകണമെങ്കിൽ ഇഹ്സാൻ ഉണ്ടാകണം. അതില്ലാത്ത വിശ്വാസികളുടെ ദീൻ പൂർണ്ണമല്ല. ഉദാ: ഒരുവീട്. അതിന് 3 ഘട്ടങ്ങളുണ്ട്. 1. എഞ്ചിനീയർ പ്ലാൻ വരയ്ക്കും. അതനുസരിച്ച് തറ കരിങ്കല്ലുകൊണ്ട് നിർമ്മിക്കും. തറ ബലക്കുറവെങ്കിൽ ബെൽറ്റ് വാർക്കും. കാരണം അതിന്റെ മുകളിൽ കെട്ടിടം വരേണ്ടതാണ്. തറ ബലമായിരിക്കണം. അത് ഇളകിയാൽ കെട്ടിടം ഇളകും. ഈ തറയാണ് ഈമാൻ.

രണ്ടാം ഘട്ടം: ആ തറയിൽ കെട്ടിടം പണിയലാണ്. അത് തറയുടെ അളവിലായിരിക്കണം. കൂടാവതല്ല. ഈ

കെട്ടിടമാണ് ഇസ്ലാം കാര്യങ്ങൾ. അത് തറ എന്ന ഈമാനിന്റെ ഉള്ളിൽ നിൽക്കണം.

ദീനിന്റെ കാര്യത്തിൽ എഞ്ചിനീയർ അല്ലാഹുവാണ്. മേൽനോട്ടം വഹിക്കുന്ന സൂപ്പർവൈസർ പ്രവാചകരാണ്. പ്ലാൻ ഖുർആനും സുന്നത്തു മാണ്. ഇതിൽ ഒരു മാറ്റവും പാടില്ല. അതുകൊണ്ട് നമ്മുടെ ആചാരങ്ങൾ, ആഘോഷങ്ങൾ, വിനോദങ്ങൾ, ടൂറുകൾ, വിവാഹ ചടങ്ങുകൾ, വീടുതാമസ ചടങ്ങുകൾ എല്ലാം ഖുർആൻ, ഹദീസ് എന്ന പ്ലാൻ അനുസരിച്ചായിരിക്കണം. അതിൽ മാറ്റം എഞ്ചിനീയർ സമ്മതിക്കില്ല.

تِلْكَ حُدُودُ اللَّهِ فَلَا تَعْتَدُوهَا ۚ وَمَن يَتَعَدَّ حُدُودَ اللَّهِ فَأُولَٰئِكَ هُمُ الظَّالِمُونَ﴿البقرة:٢٢٩﴾

നിർമ്മാണത്തിന്റെ മൂന്നാംഘട്ടം ഫിറ്റിംഗ്സുകളും ഫർണ്ണീച്ചറുകളും അലങ്കാരങ്ങളുമാണ്. ഉദാ: പ്ലംബിങ്ങ്, വയറിംഗ്, പാത്രങ്ങൾ... ഇവയാണ് വീടിന്റെ സൗകര്യങ്ങൾ. ഇതില്ലാതെ താമസിക്കാനാവില്ല. ഇതാണ് ഇഹ്സാൻ. അഥവാ നല്ല സ്വഭാവ സമീപനങ്ങൾ. ഇവ യഥോചിതം നാം പൂർത്തിയാക്കേണ്ടതുണ്ട്.

➢ സഹജീവികളോടുള്ള ബാധ്യത പൂർത്തിയാക്കുന്നതിൽ മനുഷ്യരെ 3 വിഭാഗമായി ഇസ്ലാം തരം തിരിച്ചിട്ടുണ്ട്. ഓരോന്നിനോടും വ്യത്യസ്ത കടമകളും പഠിപ്പിച്ചിട്ടുണ്ട്.

1. ദീൻ വിശ്വസിച്ചിട്ടില്ലാത്തവർ. ഇവരോട് മാനുഷീകമായ എല്ലാ ഗുണഗണങ്ങളോടെയും നാം പെരു മാറേണ്ടതുണ്ട്.

2. ദീൻ സ്വീകരിച്ച മുസ്ലീമീങ്ങൾ. ഇവരോട് രണ്ട് കടമകളുണ്ട്. ഒന്ന് മനുഷ്യൻ എന്ന നിലക്കുള്ള മാനു ഷിക കടമകൾ. രണ്ട് മുസ്ലീമീങ്ങൾ എന്ന നിലക്കുള്ള ഇസ് ലാമിക കടമകൾ.

3. കുടുംബക്കാർ. ഇവരോട് മൂന്ന് നില ക്കുള്ള കടമളുണ്ട്. ഒന്ന്. മനുഷ്യൻ എന്ന കടമ. രണ്ട്. മുസ്ലിം എന്ന കടമ. മൂന്ന്. കുടുംബക്കാർ എന്ന നിലക്കുള്ള കടമ. ഇവ കൃത്യമായി മനസ്സിലാക്കി പൂർത്തിയാക്കണം.

➢ ഇതിൽ ഒന്നാം വിഭാഗത്തോടുള്ള കടമ: ഒരാളേയും ഒരു വിധത്തിലും ദ്രോഹിക്കാതിരിക്കലാണ്.

عَنْ أَبِي ذَرٍّ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِيمَا رَوَى عَنْ اللَّهِ تَبَارَكَ وَتَعَالَى أَنَّهُ قَالَ : يَا عِبَادِي إِنِّي حَرَّمْتُ الظُّلْمَ عَلَى نَفْسِي

وَجَعَلْتُهُ بَيْنَكُمْ مُحَرَّمًا فَلَا تَظَالَمُوا (مسلم)

ദ്രോഹം പരലോകത്തെ നഷ്ടപ്പെടുത്തും.

عَنْ جَابِرٍ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، كَانَ يَقُولُ : اتَّقُوا الظُّلْمَ ، فَإِنَّ الظُّلْمَ ظُلُمَاتٌ يَوْمَ الْقِيَامَةِ(مسلم)

അതിനാൽ സാമ്പത്തിക രംഗത്ത് മുസ്ലീങ്ങളോടെന്ന പോലെ യാണ് അവരോടും പെരുമാറേണ്ടത്.

بِأَنَّ الَّذِي صَرَّحَ بِهِ أَئِمتنَا أَنَّ الْعَقْدَ مَعَ الْحرْبِي كَهُو مَعَ الْمُسلِمِ ، فَلَا بُدَّ مِنْ حِلِّ مَا أَخَذَهُ الْمُسْلِمُ مِنْهُ بِعَقْدٍ أَنْ تُوجَدَ جَمِيعُ شُرُوطِ الْبَيْعِ فِيهِ ، وَإِلَّا لَمْ يَحِلَّ لَهُ أَكْلُهُ وَلَا التّصَرُّفُ فِيهِ فَعُلِمَ أَنَّهُ لَا يَجُوزُ أَخذُ الرِّبَا مِنْه وَلَا التَّطْفِيفُ فِي كَيْلٍ أَوْ وَزْنٍ ، وَمَنْ فَعَلَ ذَلِكَ عُزِّرَ عَلَيهِ التَّعْزِيرُ الشَّدِيدُ (فتاوي الكبري: ٢/٢٣٨)

(=ഹർബി കാഫിറുകളോടുള്ള ഇടപാട് മുസ്‌ലിംകളോടെന്ന പോലെ ആകണം എന്ന് ഉലമാക്കൾ വ്യക്തമാക്കിയിരിക്കുന്നു. അതുകൊണ്ട് അവരുമായുള്ള ഇടപാടുകളിൽ കച്ചവടത്തിന്റെ വ്യവസ്തകൾ പാലിച്ചിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവ കഴിക്കലും ഉപയോഗിക്കലും ഹലാലല്ല. തന്മൂലം അവരിൽ നിന്ന് പലിശ വാങ്ങാവതല്ല. അളവ് തൂക്കത്തിൽ വ്യത്യാസവും പാടില്ല. അത് കർശന നടപടിക്ക് കാരണമാകും)

നമ്മുടെ അയൽപക്കത്തും മറ്റും മരണം നടന്നാൽ അവരെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യൽ മാനുഷികമാണ്. അവരെ സമാധാനിപ്പിക്കേണ്ടത് എങ്ങിനെയെന്ന് കർമ്മശാസ് ത്രം വിവരിക്കുന്നു.

يُعَزِّى الْمُسْلِمُ ( بِالْكَافِرِ ) أَيْ يُقَالُ لَهُ ( أَعْظَمَ اللَّهُ أَجْرَك ) وَيَضُمُّ إلَيْهِ إمَّا ( وَصَبَّرَكَ ) وَإِمَّا وَجَبَرَ مُصِيبَتَك (تحفة: ٣/١٧٨)

(=അല്ലാഹു നിങ്ങൾക്ക് ക്ഷമയും ഫലവും വർദ്ധിപ്പിക്കട്ടെ)

അവരുടെ ആരാധ്യ വസ്തുക്കളെ നാം ആക്ഷേപിക്കരുത്.

وَلَا تَسُبُّوا الَّذِينَ يَدْعُونَ مِن دُونِ اللَّهِ فَيَسُبُّوا اللَّهَ عَدْوًا بِغَيْرِ عِلْمٍ

ചരിത്രം: അംറ്ബ്നുൽ ആസ്(റ) മിസ്റിൽ ഗവർണറായിരുന്ന കാലത്ത് ക്രിസ്ത്യൻ പ്രതിമയുടെ മൂക്ക് ആരോ ഛേദിച്ചു. ഖലീഫ അതിനെതിരെ നടപടി സ്വീകരിച്ചു. അയാൾ ഒരു മുസ്ലീമായിരുന്നു.

➢ മതപരമായ വിവേചനത്തിന്റെ വലിയ ചിത്രമാണ് റോഹിങ്ക്യൻ മുസ്ലിമീങ്ങളുടേത്. അവിടെ ചെന്ന് നമ്മുടെ പ്രധാനമന്ത്രി അക്രമികളെ ന്യായീകരിച്ചു. കൂടാതെ ഇന്ത്യയിലുള്ള അഭയാർത്ഥികളെ രാജ്യത്ത് നിന്ന് പുറത്താക്കുമെന്ന് പ്രഖ്യാപിച്ചു. ഇതെല്ലാം നമ്മുടെ പൈതൃകത്തിന് എതിരാണ്. അവരെ സഹായിക്കാൻ ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഫാദർ. ടോം ഉഴുന്നാലിന്റെ രക്ഷക്ക് വേണ്ടി ഒമാൻ രജാവ് ശ്രമിച്ചത് പോപ്പിന്റെ ഇടപെടലിനെ തുടർന്നാണ്. മുസ്ലിംകൾക്കായി ഇതുപോലെ ശ്ക്തമായ ഇടപെടൽ ഉണ്ടാകണം.

റോഹിങ്ക്യൻ മുസ്ലീങ്ങൾക്കെതിരെ നടക്കുന്നത് തുല്ല്യതയില്ലാത്ത അക്രമമാണ്. റാബിത്തത്തുൽ ആലമിൽ ഇസ്ലാമി തയ്യാറാക്കിയ കണക്ക് പ്രകാരം ഈ കലാപത്തിൽ 6334 പേർ കൊല്ലപ്പെട്ടു. 8000ൽ അധികം പേർക്ക് പരിക്കേറ്റു. 250 പള്ളികൾ തകർക്കപ്പെട്ടു. 23000 വീടുകൾ കത്തിച്ചു. 1300 ഗ്രാമങ്ങൾ നശിപ്പിക്കപ്പെട്ടു. മനുഷ്യരെ പച്ചക്ക് കത്തിക്കുന്ന അവിടെ ഖുർആൻ വിവരിച്ച അസ്ഹാബുൽ ഉഖ്ദൂദിന്റെ ചരിത്രം ആവർത്തിക്കുകയാണ്.

قُتِلَ أَصْحَابُ الْأُخْدُودِ * النَّارِ ذَاتِ الْوَقُودِ * إِذْ هُمْ عَلَيْهَا قُعُودٌ * وَهُمْ عَلَى مَا يَفْعَلُونَ بِالْمُؤْمِنِينَ شُهُودٌ * وَمَا نَقَمُوا مِنْهُمْ إِلَّا أَنْ يُؤْمِنُوا بِاللَّهِ الْعَزِيزِ الْحَمِيدِ ﴿البروج: ٤–٨﴾

തീർച്ചയായിട്ടും അക്രമികൾ ശപിക്കപ്പെട്ടിരിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ അവർ കടുത്ത വില നൽകേണ്ടി വരും